പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2140 07.12.2015-ൽ മറുപടിയ്ക്ക്

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സെന്ററിൽ ഫുട്ബോളിൽ ആൺകുട്ടികൾക്കായി ഒരു സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ട്രെയിനിംഗ് സെന്ററിന്റെ ഗ്രൗണ്ട് കായികതാരങ്ങളുടെ ഫുട്ബോൾ പരിശീലനത്തിനായും ഉപയോഗിച്ചുവരുന്നു. |
| (ബി) | നടപ്പുവർഷം ട്രെയിനിംഗ് സെന്ററിൽ കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കുട്ടികൾ ആണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. നടപ്പു വർഷം മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ 10 കുട്ടികൾക്ക് പ്രവേശനം നൽകുകയുണ്ടാ യെങ്കിലും 3 പേർ മാത്രമാണ് അഡ്മിഷൻ എടുത്തത്. |
| (സി) | മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (സി) | മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുന്നതിനും, Water Treatment Plant സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ